**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3089** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസറഗോഡ് ചിത്താരി റെഗുലേറ്ററിന്റെ ഫൗണ്ടേഷനു വേണ്ടിയുള്ള കോൺക്രീറ്റ് പൈലിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും നിലവിൽ എത്ര ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | 05/10/2023-ൽ പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറ്റം ചെയ്ത് പ്രവൃത്തി ആരംഭിച്ചു. നിലവിൽ 15% പ്രവൃത്തി പൂർത്തീകരിച്ചു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ സംബന്ധമായ സാങ്കേതികത മൂലം പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഡിസൈൻ സംബന്ധമായ സാങ്കേതികതമൂലം പ്രവൃത്തി നിർത്തി വെച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഐ.ഡി.ആർ.ബി.യിലെ വിദഗ്ധ സംഘം അടിയന്തരമായി സ്ഥലം സന്ദർശിച്ച് തടസ്സങ്ങൾ നീക്കി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഡിസൈനിൽ വന്ന സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ട്. എങ്കിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ നടപ്പിലാക്കേണ്ടി വരുമ്പോൾ ആവശ്യമുള്ള നിർദ്ദേശങ്ങൾ IDRB യിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഇ) | കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്ന ഈ പദ്ധതി പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഇ) | ഈ പദ്ധതി പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ യാഥാർത്ഥ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ